സ്റ്റുഡന്റ്സ് പോലീസ് സംവിധാനം

11(284) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്റ്റുഡന്റ്സ് പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എവിടെയെല്ലാമാണ് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ വർഷം സ്റ്റുഡന്റ്സ് പോലീസ് സംവിധാനം എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 100 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഒരു വർഷത്തിൽ 60 മണിക്കൂർ കായിക പരിശീലനത്തിനായി മാറ്റിവയ്ക്കുന്നു. ആഴ്ചയിൽ ഒരു ദിവസം 45 മിനിറ്റ് കായിക പരിശീലനത്തിനും 45 മിനിറ്റ് പരേഡും നിഷ്ക്കർഷിച്ചിട്ടുണ്ട്. മാസത്തിൽ ഒരു ദിവസം റൂട്ട് മാർച്ച്/ ക്രോസ്കൺട്രി റേസ് വിഭാവനം ചെയ്തിട്ടുണ്ട്. പോലീസ് അനുബന്ധ വിഷയങ്ങൾ നിയമകാര്യങ്ങൾ, ഭരണഘടനാ തത്വങ്ങൾ, ജനകീയ പോലീസ് സംവിധാനം, ദേശീയ പ്രസ്ഥാനം, വ്യക്തിത്വവികസന സംബന്ധമായ വിഷയങ്ങൾ എന്നിവയെക്കുറിച്ച് കേഡറ്റുകളിൽ അവഗാഹം ഉണ്ടാക്കുകയും കേഡറ്റുകളെ കർത്തവ്യനിരതരായ ആത്മവിശ്വാസമുള്ള പൗരന്മാരായി ഉയർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ വർഷത്തിൽ 40 മണിക്കൂർ പഠനക്ലാസ്സുകൾ നടത്തുന്നുണ്ട്. നിയമനിർമ്മാണം, നിയമപരിപാലനം, നീതി നിർവ്വഹണം എന്നിവ നടപ്പിലാക്കുന്ന കേന്ദ്രങ്ങൾ, ചരിത്രപരവും സാംസ്കാരികവും ശാസ്ത്രപരവും ദേശീയവുമായി പ്രാധാന്യമുള്ള സ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് അവയുടെ പ്രവർത്തനത്തെയും പ്രാധാന്യത്തെയും കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി വർഷത്തിൽ 15 മണിക്കൂർ ആതുര സേവനം, 15 മണിക്കൂർ ബോധവൽക്കരണ ക്ലാസ്സുകൾ, 3 മണിക്കൂർ കോടതി സന്ദർശനം, 3 മണിക്കൂർ ജയിൽ സന്ദർശനം, 10 മണിക്കൂർ പോലീസ് പരേഡിംഗ്, 10 മണിക്കൂർ ഗതാഗത നിയന്ത്രണ പരിശീലനം എന്നിവയും കേഡറ്റുകളുടെ പ്രവർത്തനത്തിന്റെ ഭാഗമാണ്.

(ഡി) നടപ്പ് അദ്ധ്യയന വർഷം അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സ്കൂളുകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly